
കേരള സാഹിത്യ അക്കാദമി
വിലാസിനിയുടെ സർഗ്ഗലോകം
ഏകദിനസെമിനാർ
2013 മെയ് 14 ചൊവ്വ, സാഹിത്യ അക്കാദമി ഓഡിറ്റോറിയം, തൃശൂർ
KAIRALI

പത്രക്കുറിപ്പ് :

**കേരള സാഹിത്യ അക്കാദമി ആപ്പീസ്**
തൃശൂർ, 14.05.2013

# എഴുത്തുകാർ അടിസ്ഥാനപരമായി കലാപകാരികൾ : എം.കെ.സാനു

ജീവിതപരിമിതികൾക്കെതിരെ സർഗ്ഗാത്മകമായി ക്ഷോഭിക്കുന്ന എഴുത്തുകാർ അടിസ്ഥാനപരമായി സാമൂഹ്യമാറ്റം സ്വപ്നം കാണുന്ന കലാപകാരികളാണെന്ന് എം.കെ.സാനു പറഞ്ഞു. വിലാസിനിയുടെ ഇരുപതാം ചരമവാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച *വിലാസിനിയുടെ സർഗ്ഗലോകം* ഏകദിന സെമിനാർ അക്കാദമി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിധിക്കും മൃതിക്കും എതിരെ സ്വാതന്ത്ര്യത്തിന്റെയും സഹിഷ്ണുതയുടെയും മൂല്യങ്ങൾ എഴുത്തുകാർ ഉയർത്തിപ്പിടിക്കുന്നു. എഴുത്തുകാരുടെ അന്തരാത്മാവിലെ ദർശനങ്ങളാണ് രചനകളിലൂടെ പുറത്തുവരുന്നത്. രചനയുടെ സമഗ്രശിൽപ്പഘടനയിൽ അന്തർലീനമാണ് സാഹിത്യകാരന്റെ ദാർശനികവീക്ഷണങ്ങൾ. ജീവിതത്തിന്റെ അന്തഃസാരം നഷ്ടപ്പെടുകയും സൗന്ദര്യബോധവും ചിന്താശക്തിയും ഇല്ലാതാകുകയും ചെയ്ത ഹിംസാത്മകമായ കാലഘട്ടമാണിത്. മാനുഷികതയും സൗന്ദര്യാത്മകതയും ഇളംമനസ്സുകളിൽ ഉണർത്തിയെടുക്കുകയാണ് ഇതിനു പ്രതിവിധി. സൗന്ദര്യാസ്വാദനം വളർത്തിയെടുക്കാൻ വിലാസിനികൃതികൾ വായിക്കണം. താഴെ വയ്ക്കാതെ വായിക്കാൻ പ്രേരിപ്പിക്കുന്ന പാരായണക്ഷമതയുള്ള വിലാസിനിയുടെ നോവലുകൾ മനുഷ്യരുടെ ജീവിതപ്രതിസന്ധികളെപ്പറ്റി ആഴമേറിയ ഉൾക്കാഴ്ചകൾ നൽകുന്നു. വ്യക്തിയിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്ന ആ നോവലുകൾ ആന്തരിക ജീവിതത്തിന്റെ അതീവലോലവും സങ്കീർണ്ണവുമായ ചലനങ്ങൾ ആവിഷ്ക്കരിച്ചുവെന്ന് എം.കെ.സാനു പറഞ്ഞു.

മനുഷ്യമനസ്സിന്റെ ആന്തരലോകരഹസ്യങ്ങൾ വെളിപ്പെടുത്തി വായനക്കാരന് നവീനമായ കാഴ്ചപ്പാട് പകരുന്നതാണ് വിലാസിനിയുടെ നോവലുകൾ എന്ന് സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ പറഞ്ഞു. കഥാപാത്രങ്ങളുടെ മാനസികസംഘർഷങ്ങൾ ആവിഷ്ക്കരിച്ചതിലൂടെ സാമൂഹ്യജീവിതദുരന്തങ്ങളെപ്പറ്റിയാണ് വിലാസിനി എഴുതിയതെന്ന് അദ്ദേഹം പറഞ്ഞു.

ഒരുപാട് പുറംലോകം കണ്ട വിലാസിനി വ്യക്തിയുടെ സ്വകാര്യലോകത്തെക്കുറിച്ചാണ് കൂടുതലും എഴുതിയതെന്ന് *വിലാസിനി എന്ന നോവലിസ്റ്റ്* എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തിയ ഡോ.ജാൻസി ജെയിംസ് അഭിപ്രായപ്പെട്ടു. ബാഹ്യസവിശേഷതകളെയല്ല അനുഭവയാഥാർത്ഥ്യങ്ങളെയാണ് അദ്ദേഹം അവതരിപ്പിച്ചത്. സ്വത്വവും അടിവേരുകളും തേടുന്ന ആത്മീയന്വേഷണയാത്രകളാണ് വിലാസിനിയുടെ നോവലുകളെന്ന് ജാൻസി ജെയിംസ് പറഞ്ഞു.

ബഹളങ്ങളിൽനിന്നും മാറിനിന്ന വിലാസിനി നിലപാടുകളിൽ കർശനബുദ്ധിയും കൃത്യതയും പുലർത്തിയെന്ന് സെമിനാറിൽ മോഡറേറ്ററായ അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ പറഞ്ഞു. അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്തികൊണ്ടുതന്നെ സൗഹൃദം തുടരാവുന്ന വ്യക്തിത്വമായിരുന്നു വിലാസിനിയെന്ന് കക്കട്ടിൽ വിലയിരുത്തി.

വിലാസിനി ആർജ്ജിച്ച ഉന്നതവും ആധുനികവുമായ ഭാവുകത്വത്തിന് നിദർശനമാണ് അദ്ദേഹം നടത്തിയ വിവർത്തനങ്ങളെന്ന് *വിലാസിനിയുടെ വിവർത്തനങ്ങൾ* എന്ന വിഷയമവതരിപ്പിച്ചുകൊണ്ട് ഡോ.കെ.എസ്.രവികുമാർ പറഞ്ഞു. മൂലകൃതിയുടെ അടിസ്ഥാനസംസ്കാരത്തോട് പരിഭാഷകനെന്ന നിലയിൽ വിലാസിനി നീതി പുലർത്തിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഡോ. സന്തോഷ് ജെ.കെ.വി. *(വിലാസിനി എന്ന വിമർശകൻ)*, ടി.ടി.പ്രഭാകരൻ *(വിലാസിനിയുടെ നോവലുകളിലെ പ്രവാസജീവിതം)* എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി അംഗം ഡോ.റോസി തമ്പി നന്ദിയും പറഞ്ഞു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി